


# വേരുകൾ 2018

# Office Bearers of UCC Alumni in UAE 2018

***Core Committee***

| | |
|---|---|
| President | Geeta Krishna |
| Vice President | SubiSaji |
| Secretary | Muraleedharan R |
| Joint Secretary | Satheep Mathew |
| Treasurer | Chackochan Thomas |
| Events Co-ordinator | Shibu Mathew |

**Advisory Committee**

Biju B Raphael
Deepak Warrier
Preetham Bhaskar
Rahul Sukumaran
Vinod Babu
SaifudheenPadiyath
Adv Salim Anchamparuthy

**Co-ordinators**

| | |
|---|---|
| Biju G Nair | Suresh Varma |
| Bonny Mathew | Sujesh S |
| Faisal Hameed | Saira Faisal |
| Nishad M E | Premachandran Vijayan Nair |
| Ramesh Puthalath | Wilson Alexander |

Email: uccalumniuae@gmail.com
Website: www.uccalumniuae.org

# അതിജീവനത്തിന്റെ വേരുകൾ

മലയാളി ഒരിക്കലും മറക്കാത്ത മഹാപ്രളയത്തിന്റെ അകമ്പടിയോടെ എത്തിയ ഓണക്കാലവും കഴിഞ്ഞു നമ്മൾ വർഷാന്ത്യത്തോടു അടുക്കുന്നു. ഈ ഓണത്തിന് ഓണ തുമ്പിയും ഓണക്കളിയും ഓണ സദ്യയുമുണ്ടായില്ല. പതിവിനു വിപരീതമായി മഹാ പ്രളയം മലയാളിക്ക് സമ്മാനിച്ചത് പരീക്ഷണ കാലമായിരുന്നു. പത്തു ലക്ഷത്തിലധികം മലയാളികളെ പ്രത്യക്ഷമായിട്ടും അതിൽ എത്രയോ അധികം പേരെ പരോക്ഷമായും പ്രളയം ബാധിച്ചു, കണക്കിടാനാവാത്ത വിധം കോടികളുടെ നഷ്ടം മാത്രം തന്ന ഈ മഹാ വിപത്തു, പക്ഷെ മാവേലിയുടെ ആ നല്ല നാളുകളിലെ ഒരുമയുടെ പാഠം വീണ്ടും നമ്മെ പ്രാവർത്തികമാക്കാൻ പഠിപ്പിച്ചു. ഒത്തൊരുമിച്ചുള്ള നമ്മുടെ പ്രവർത്തനം ഈ മഹാ വിപത്തിൽ നിന്നും കര കയറാൻ നമ്മളെ സഹായിക്കുന്നു.

പ്രവാസികളായ നമ്മൾ ഓരോരുത്തരും നമ്മുടെ പങ്കു വഹിച്ചതിൽ നമുക്ക് അഭിമാനിക്കാം.എളിയ രീതിയിൽ നമ്മുടെ UCC അലുംനി UAE യും.

'വേരുകളുടെ' ഈ രണ്ടാം അച്ചടിച്ച പതിപ്പ് പുറത്തിറക്കുന്നതിൽ ഭാഗഭാക്കായ ഓരോരുത്തരെയും അഭിനന്ദിക്കുന്നു. ഒരു പക്ഷെ ഒറ്റ ലക്കത്തിൽ അവസാനിക്കാമായിരുന്ന 'വേരുകൾ' കൂടുതൽ ഇടങ്ങളിലേക്ക് വ്യാപിക്കുന്നതിന്റെ നല്ല സൂചനയയാണ്.

പതിവായി എഴുതുന്നവരോടുള്ള സന്തോഷം അറിയിക്കുന്നതിനോടൊപ്പം കൂടുതൽ പേര് നമ്മുടെ ഈ ഉദ്യമത്തിൽ പങ്കു ചേരണമെന്നുള്ള അപേക്ഷയുമുണ്ട്. ഇത്തവണ നമ്മുടെ ചില കുടുംബാംഗങ്ങളുടെ രചനകൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. എഴുതാനുള്ള അവരുടെ വാസനയെ പ്രോത്സാഹിപ്പിക്കേണ്ടത് നമ്മുടെ കടമയാണല്ലോ.

വേരുകളുടെ കവർ പേജ് മുംബൈയിലുള്ള നമ്മുടെ കോളേജിലെ പൂർവ വിദ്യാർത്ഥിയായ പ്രേംകുമാർ സി.ആർ തയ്യാറാക്കിയതാണ്.

ഓൺലൈൻ എഡിഷൻ തുടരുന്നതിനോടൊപ്പം അച്ചടിച്ച 2018 ലെ ഈ പുസ്തകം ഇത്തവണ സമർപ്പിക്കുന്നത് കേരളത്തിലെ ഏറ്റവും വലിയ ദുരിതാശ്വാസ കേന്ദ്രമായി പ്രവർത്തിച്ച നമ്മുടെ യൂ സി കോളേജിന് തന്നെ.

നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അതാതു കൃതികളുടെ സ്രഷ്ടാക്കൾക്കോ എഡിറ്റർക്കോ അയച്ചു തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം
എഡിറ്റർ
wa@eim.ae / uccaluminiuae@gmail.com





സോണിയ ഷിനോയ്
soniyapulpatt@gmail.com



# അമ്മ നോക്കുമ്പോൾ..

അമ്മ നോക്കുമ്പോൾ,
കാണാമറയത്ത്
ഒരു പൂവാലാൻ കിളിയുണ്ട്
സ്വപ്ന വേഗങ്ങളിൽ
അഗ്നിച്ചിറകു പാറ്റുന്നവൻ
മിന്നലിൽ മെല്ലെ പതുങ്ങി കുതിച്ച്,
നറുനീലമഞ്ഞച്ചുവപ്പു ചേർക്കുന്നവൻ

നിന്റെ പൂമ്പാറ്റകുഞ്ഞുങ്ങൾ
പക്ഷെ, അങ്ങനെയാണ്,
ഞാനാദ്യം ഞാനാദ്യമെന്നു പാറിപ്പാറി
ഒന്നങ്ങോട്ട് ...
പിന്നിങ്ങോട്ട്....

നോക്കിനോക്കി
നിൽക്കുന്നേരമാണ്,
കണ്ണിമ ചിമ്മിത്തുറക്കുന്ന
ഞൊടിയിലാണ്,
കുഞ്ഞേ,
നിന്നെ കാണാതെ പോകുന്നത്...

പൂവാലൻകിളിക്കൊക്കിലേക്ക്..?






ബിജിയെൻ
mailtobgn@gmail.com

# നക്ഷത്രങ്ങളോട് പറയാൻ

മുറി നിറയെ നക്ഷത്രങ്ങളാണ്..
ചെറുതും വലുതും ആയ കുറേ നക്ഷത്രങ്ങൾ...
ഇടക്ക് ചെറിയ സ്പേസ് ഷിപ്പുകൾ...
മുകളിലേക്ക് നോക്കി കിടക്കാൻ രസമാണ്....
വെളിച്ചം അണഞ്ഞാൽ ഇരുട്ടിൽ നക്ഷത്രങ്ങൾ തിളങ്ങും.!

മുറിയിലെ പെയിന്റിംഗ് കഴിഞ്ഞപ്പോൾ അച്ഛൻ പറഞ്ഞു ‘ ഉണ്ണി നിൻറെ മുറിക്കൊരു സർപ്രൈസ് ഉണ്ട്.. മോനിഷ്ടമാവും.‘ഇതെൻറെ മുറിയാണ്. ഈ നക്ഷത്രങ്ങളാണ് എനിക്ക് കൂട്ട്.. എല്ലാവരും എന്നോട് സംസാരിക്കും. കുറെ പറഞ്ഞു കഴിയുമ്പോൾ അവര് പറയും‘ ഇനി ഉണ്ണി ഉറങ്ങിക്കോ നാളെ സ്കൂളിൽ പോവണ്ടതല്ലേ? ‘എന്തൊക്ക്യ ഇന്ന് ഞാൻ പറയുക? സ്കൂളിൽ നടന്നതൊക്കെ ഞാൻ പറഞ്ഞതല്ലേ.. കഴിഞ്ഞാഴ്ചത്തെ പോലെ തന്നെ ഇന്നലേം അവനെന്നെ തള്ളി. ചെന്ന് വീണത് ടീച്ചറിന്റെ മുമ്പിലും. രണ്ടുപേർക്കും വഴക്ക് കിട്ടി.

അമലിനു എന്നെ വെറുതെ ദേഷ്യം പിടിപിക്കൽ ഒരു രസമാണ്.

സാരമില്ല മോനായിട്ടോന്നിനും പോവെണ്ടാന്ന അമ്മയുടെ പതിവ് പല്ലവി.

അച്ഛനോട് പറഞ്ഞാൽ പറയും നീയായിട്ടു എന്തെങ്കിലും തുടങ്ങിയിട്ടുണ്ടാവും!. ഞാൻ എന്ത് ചെയ്താലും അവനൊരു കളിയാക്കൽ!. ഈ വർഷത്തെ ക്ലാസ്സ് ടീച്ചർ പുതിയതായത് കൊണ്ട് അവൻ പറയുന്നതെ വിശ്വസിക്കു. ഇപ്പൊ ജോഡ്നും സൂരജും ഒക്കെ പറഞ്ഞു ടീച്ചർക്ക് കുറച്ചു മനസ്സിലായീന്ന് തോന്നുന്നു.

ക്ലാസ്സിലെ നോട്ടീസ് ബോർഡ് താഴെ വീണപ്പോൾ duster കാണാതായപ്പോൾ, ഫിലിപ്പിൻറെ ബുക്ക് കാണാതായപ്പോൾ എല്ലാം അമൽ വെറുതെ ചെന്ന് ടീച്ചറിനോട് പറഞ്ഞു ഞാൻ ആണ് അത് ചെയ്തതെന്ന്.

നിഷ ടീച്ചർ ആദ്യമെല്ലാം വിളിച്ചു ചോദിക്കുമ്പോൾ എനിക്ക് വല്ലാതെ സങ്കടം വരാറുണ്ടായിരുന്നു.

ഞാൻ കരയുമ്പോൾ അവൻ പിന്നേം പറയും ‘ഇവനാ ടീച്ചറെ! എന്നിട്ടിവൻ പെൺകുട്ടികളെ പോലെ കരയും‘

ഞാൻ ഒറ്റക്കായത് പോലെ തോന്നും. പിന്നെ അമ്മയോട് പറഞ്ഞാൽ സാരൂല്ല്യ എന്ന് മാത്രം പറയും. അച്ഛനെ പിന്നെ വല്ലേപോഴേ കാണു..



എത്ര വൈക്യ അച്ഛൻ വരിക.
രാവിലെ ഞാൻ പോകുന്നതിനു മുമ്പേ അച്ഛൻ പോയിട്ടുണ്ടാവും. എപ്പോഴും ടൂർ ആണ്. എന്തെങ്കിലും മീറ്റിംഗ് ഉണ്ടെങ്കിൽ പിന്നെ അച്ഛൻ ഭയങ്കര തിരക്കും ദേഷ്യവും ആണ്. എന്തേലും ചോദിച്ചു ചെന്നാൽ 'ഉണ്ണി അച്ഛൻ ബിസി ആണ് നീ അമ്മോട് ചോദിക്ക്'
പിന്നേം ചോദിച്ച ഒറ്റ ഒച്ചയാണ് 'സുജേ നീ ഇവനെ അങ്ങോട്ട് വിളിക്കനുണ്ടോ?'
അച്ഛൻ പണ്ടൊക്കെ എന്ത് രസായിരുന്നു.
ഉണ്ണീടെ കൂടെ കൊറേ നേരം കളിക്കും, നടക്കും, പിന്നെ ഉണ്ണി അച്ഛന്റെ കൂടെ കിടക്കു. ഒരുപാടു കഥകൾ പറഞ്ഞു തരും.
അച്ഛനെ കെട്ടിപിടിച്ചു കിടക്കാൻ നല്ല രസമാണ്. ഇപ്പൊ അച്ഛൻ വല്ലപോഴുമേ വരൂ.
അച്ഛന്റെ കൈ മുട്ടിൽ പിടിച്ചു കൊണ്ടങ്ങിനെ കിടക്കാം.. എന്ത് രസമാണെന്നോ അച്ഛന്റെ കഥകൾ കേൾക്കാൻ.
ചിലപ്പോ അച്ഛന്റെ കുട്ടികാലത്തെ കഥകൾ പറയും. പുഴയും പാടവും മഴയും തറവാട്ടിലെ പണ്ടത്തെ ഓണവും വിഷുവും എല്ലാം കേൾക്കുമ്പോൾ കൊതി വരും.
പക്ഷെ അച്ഛന് പോക്കിമാൻ സ്‌ടോറീസ് അറിയില്ലാട്ടോ! ചിലപ്പോ ഞാൻ പറഞ്ഞു കൊടുക്കും ..
ഇപ്പൊ അച്ഛൻ വല്ലപോഴുമേ വരൂ.. വന്നാൽ തന്നെ പെട്ടെന്ന് പോകും. കഥ പറയാൻ പറഞ്ഞാൽ ഞാൻ വലിയ കുട്ടിയായെന്നു പറയും..
ഉണ്ണിക്കു പിന്നെ നിങ്ങളാവും കൂട്ട്.
ചിലപ്പോ ചിരി വരും
ചില കാര്യങ്ങൾ പറയുമ്പോ അമ്മപറയും നീ ഇപ്പോഴും ചെറിയ കുട്ടിയാ അത്രേം അറിഞ്ഞാൽ മതി..
അച്ചേടേം അമ്മേടേം കൂടെ കിടക്കണം എന്ന് പറഞ്ഞാൽ പറയും നീ ഇപ്പൊ വല്യ കുട്ട്യാ!..
ഞാൻ ഇവിടെ ഒറ്റക്കാണ് .. ഈ മുറികൾക്ക് ഉള്ളിൽ ഒതുങ്ങി.. എല്ലാം മുറികളാണ്. ചുറ്റിനും.. താഴെ എത്തണമെങ്കിൽ ആറു നിലയിരങ്ങണം.. കളിക്കാൻ ആരുമില്ലിവിടെ.. കുട്ടികളൊക്കെ മുറിക്കകത്ത് ഇരിക്കുകയെഉള്ളു. ആകെ കുറച്ചു സ്ഥലമേ ഉള്ളു.. പിന്നെ ഒരു ചെറിയ പൂളും നേരത്തെ താമസിച്ചിരുന്നിടത് നിറയെ കൂട്ടുകാരായിരുന്നു. ഇവിടെ ആയപ്പോ വല്ലാതെ ഒറ്റയായ പോലെ തോന്നുന്നു. പിന്നെ കൂട്ടിനു നിങ്ങള് മാത്രം. അമ്മയും അച്ഛനും എപ്പൊഴും തിരക്കാണ് അരൂങ്ങട്ടു വരില്ല്യ. എല്ലാർക്കും. തിരക്കാത്രേ...
അമ്മമക്കും മുത്തച്ചനും, അപ്പൂപ്പനും അമ്മൂമ്മക്കും വന്നു നിന്നാലെന്താ?
അങ്ങോട്ട് പോയാലും അന്ന് തന്നെ തിരിച്ചു വരും. മുത്തച്ചൻറെ അടുത്തിരിക്കാൻ നല്ല രസമാണ്. ഉള്ളപ്പ്ക്കെ ചെറിയ ചെറിയ കഥകൾ പറഞ്ഞു തരൂട്ടോ.
അമ്മാമക്ക് അടുക്കളെന്നു ഇറങ്ങാൻ നേരല്ല്യ. അവിടെ എത്തിയാലും അച്ഛൻ തിരക്ക് കൂട്ടും. ഓഫീസുണ്ട് അമ്മക്ക് സ്കൂൾ ഉണ്ട് എന്നൊക്കെ പറഞ്ഞ്. അവിടെ എനിക്കാരേം അറിയില്ല.. ഒന്നോ രണ്ടോ തവണ മാത്രേ അധികം ദിവസം നിന്നിട്ടുള്ളൂ..
കഴിഞ്ഞ തവണ അച്ഛൻ എന്നെ അവിടത്തെ അമ്പലത്തിൽ ഉത്സവത്തിന് കൊണ്ട് പോയി. ഹോ എന്ത് രസായിരുന്നു.. ആനേം പഞ്ചവാദ്യോം.. എന്തൊരു താളാ..
കൊട്ട് കേട്ടുകൊണ്ട് ചെവിയാട്ടി ആനകൾ അങ്ങിനെ നിക്കും.. ആനപ്പുറത്ത് ഇരിക്കു ന്നവർക്ക് പെടിയാവില്ല്യെ?.. ഈ ആനകൾ എങ്ങിന്യ ഇത്ര വലിയ ഓല തിന്നുക?
അമ്പലത്തിൽ വച്ച് അമ്മേടെ കൈ വെട്ടിച്ചു അച്ഛന്റെ അടുത്തേക്ക് ഓടാൻ തിരുഞ്ഞതും ആന തൊട്ടടുത്ത്..
പേടിച്ചു പോയി, ആനക്കാരൻ നല്ല ചീത്ത പറഞ്ഞു.. അമ്മക്കും കിട്ടി.. ' ആന വരണത് കണ്ടില്ല്യേ? കുട്ട്യോളുടെ കൈ പിടിക്ക് കളിക്കാണ്ട് 'അമ്മേടെ അടുത്തെന്നും കിട്ടി നല്ല വഴക്ക്.. പറഞ്ഞിട്ടു അനുസരിക്കാത്ത കുട്ടികൾക്ക് ഇങ്ങനെയത്രേ പറ്റുക..
എന്തോരും കുട്ടികളായിരുന്നു അവിടെ പക്ഷെ ആരേം എനിക്ക് അറിയില്ല!
അച്ഛന്റെ അടുത്ത് ഒരു പാട് പേർ വന്നു ചോദിക്കുന്നത് കേട്ടു 'എത്ര നാളായി കണ്ടിട്ട്, എവിട്യാ?, ഇവിടില്ല്യെ ഇപ്പൊ? ഇതു മോനാ? ഒരാളെ ഒള്ളു? വൈഫ് ഉണ്ടോ കൂടെ? അച്ഛനേം അമ്മേം കാണാറുണ്ട്! 'ചിലരോട് പേര് പറഞ്ഞു...!
'നിങ്ങള്ക്ക് ഉറക്കം വരുന്നുണ്ടോ? ചില നക്ഷത്രങ്ങൾ കണ്ണ് ചിമ്മുന്നുണ്ടല്ലോ? 'ഇല്ല! ഉണ്ണി പറഞ്ഞോളു! ഞങ്ങൾ കേൾക്കുന്നുണ്ട്! ഒരുപാടു കുട്ടികൾ ഉണ്ടായിരിന്നിട്ടും ആരും എന്നെ കളിക്കാൻ കൂട്ടിയില്ല
അച്ഛൻ എനിക്ക് ഒരു ബോൾ വാങ്ങി തന്നു അമ്മുച്ചേച്ചി ഉണ്ടായിരുന്നെങ്കിൽ തട്ടി കളിക്കാമായിരുന്നു!
ഓണത്തിനും വിഷുനും മാത്രേ അമ്മായിയും അമ്മുച്ചേച്ചിയും വിജയൻ മാമനും മുത്തച്ഛന്റെ അടുത്ത് വരികയുള്ളു..
പക്ഷെ ഇവിടേക്ക് വരികയെ ഇല്ല.. അമ്മു ചേച്ചിക്ക് ഇഷ്ടമാണ് പക്ഷെ അമ്മായി വിടില്ല! വല്ലേച്ചി വന്നാലും വരില്ല..
ആരും എന്താ ഇങ്ങോട്ട് വരാത്തെ?
അപ്പൂപനും അമ്മൂമയും വന്നാൽ അപ്പൊ തന്നെ പോകും. പശൂം റബ്ബറും ഉണ്ടവിടെ അത് കൊണ്ട് അപ്പൊ തന്നെ പോണം എന്ന് പറയും.
എന്നാലും അവര് ബോംബയിൽ വിനു മാമന്റെ അടുത്ത് പോയിനിക്കും.. ദുബായിലുള്ള രഘു മാമന്റെ അടുത്തും പോകും
അമ്മ പറയണത് അവർക്കെല്ലാം തിരക്കാണ്.. അച്ഛന് തിരക്കായത് കൊണ്ട് അങ്ങോട്ടും പോകാറില്ല.

കല്ല്യാണമുണ്ടെങ്കിൽ മാത്രേ മുത്തച്ഛന്റെ തറവാട്ടിലും പോകൂ.
സ്കൂൾ ഇല്ലാത്തപ്പോ അമ്മേണ്ടാവും ഇവടെ. കുറെ നേരം കാർട്ടൂൺ കാണും പിന്നെ പോകെമൻ വായിക്കും.. അത് കഴിഞ്ഞാൽ എനിക്ക് ബോറടിക്കും!
അമ്മ അടുക്കളയിലാവും അപ്പൊ ഞാൻ ഈ മുറിയിൽ വന്നു ഒറ്റക്കിരിക്കും.. എനിക്ക് വല്ലാണ്ട് സങ്കടമാവും
ഞാൻ മാത്രമെന്താ ഒറ്റക്കായത്? എനിക്ക് മാത്രം അനിയനോ അനുജത്തിയോ ഇല്ല?
വിനു മാമനും രഘു മാമനും ഗീത അമ്മായിക്കും രണ്ടു പേരുണ്ട്.. വിനു മാമന്റെ അനുവിന് കഴിഞ്ഞ മന്തിൽ ഒരു കുഞ്ഞനുജത്തിയുണ്ടായി..
അമ്മയോട് ഞാൻ ചോദിക്കാറുണ്ട് 'നമുക്ക് മാത്രമെന്താ അമ്മെ ഒരു കുഞ്ഞുവാവ ഉണ്ടാവാത്തെ?
'അമ്മ പറയുക മോൻ അമ്പാട്ടിയോടു നന്നായിട്ട് പ്രാർത്ഥിക്കാത്തത് കൊണ്ടാണ്' 'അമ്പാട്ടിയോടു ഞാൻ എന്തു മാത്രം പ്രാർത്ഥിച്ചു? രാവിലെ എഴുന്നേറ്റു കണ്ണടച്ചും വൈകീട്ടും അമ്പലത്തിൽ പോകുമ്പോഴും എല്ലാം ഞാൻ അമ്പാട്ടിയോടു ഇത് തന്നയാണ് പറയാറ്
എനിക്കൊരു കുഞ്ഞനുജത്തി വാവയെ വേണം.. അമ്പാട്ടി കേൾക്കനില്ല്യ?..
ഒരു ദിവസം ഞാൻ വല്ലാണ്ട് കരഞ്ഞപ്പോ അമ്മ എന്നെ ചേർത്ത് പിടിച്ചു..
അമ്മയുടെ കണ്ണുകൾ നിറഞ്ഞു അമ്മയും കരഞ്ഞു .. എന്റെ മുടിയിൽ തടവികൊണ്ട്
അമ്മ പറഞ്ഞു ' മോനൊരു കുഞ്ഞനുജത്തി ഉണ്ടായപ്പോ അമ്പാട്ടിക്കു ആ വാവയെ വല്ലാണ്ട് ഇഷ്ടമായി.. താഴെ വന്നു കയ്യിൽ എടുത്തുകൊണ്ട് പോയി. ഇപ്പൊ മുകളിൽ ആകാശത്ത് നക്ഷത്രങ്ങളുടെ കൂട്ടത്തിൽ മോനെ നോക്കി ഇരിക്കുന്നുണ്ട് 'അന്ന് മുതൽ എനിക്ക് നിങ്ങളെ വലിയ ഇഷ്ടമാണ്.. നിങ്ങളിൽ ആരാണ് എൻറെ കുഞ്ഞി വാവ? അമ്മ പറഞ്ഞത് നല്ല ചന്തമുള്ള വാവയായിരിന്നു എന്നാണ്!
നക്ഷത്രങ്ങൾ എല്ലാവരും മെല്ലെ ചിരിച്ചു.. ഞങ്ങൾ എല്ലാവരും ഉണ്ണിയുടെ വാവകൾ അല്ലെ? അതുകൊണ്ടല്ലേ എന്നും കഥ കേൾക്കണത് ? ഹും! ഉണ്ണിക്കു കൂട്ട് എന്നും നിങ്ങളാണ്.. ഏപ്പോഴും എൻറെ കൂടെ വേണം!
ഞങ്ങളുണ്ട് ! ഇന്നിനി മതി .. ഉണ്ണി ഉറങ്ങികൊള്ളു.. ബാക്കി നാളെ പറയാം!
നക്ഷത്രങ്ങളോട് പറയാൻ ഒരു പാട് ബാക്കി വച്ച് ഉണ്ണി മെല്ലെ ഉറങ്ങി...
അവനു ചുറ്റും നക്ഷത്രങ്ങൾ കുഞ്ഞുടുപ്പിട്ട കുഞ്ഞു വാവകളായി ചേർന്ന് കിടന്നു..!!





ബിജു ബി റാഫേൽ
bijubr2014@gmail.com

# ഇരുപതാമത്തെ കഥ



'........അതു കൊണ്ടാണ് ഈ രചനകൾ നമുക്ക് അത്രയേറെ പ്രിയപ്പെട്ടതാകുന്നത്. അവാർഡ് ജേതാവിനു അഭിനന്ദനങ്ങൾ!'. മുഖ്യാതിഥിയുടെ വാക്കുകൾ നീണ്ട കരഘോഷത്തിൽ അലിയു മ്പോൾ കരച്ചിലടക്കാൻ അവൾ നന്നേ പാട്പെട്ടു.

വലിയ സദസ്സിന്റെ മുൻനിര സീറ്റുകളിൽ ഒ ന്നുമായിരുന്നില്ല അയാൾ ഇരുന്നിരുന്നത്. എങ്കി ലും അയാളുടെ മുഖത്തു വിരിഞ്ഞ പ്രകാശം വാ

യിച്ചെടുക്കാൻ അവൾ ഒട്ടും ബുദ്ധിമുട്ടി യില്ല. അവൾക്കു കഥ എഴുതാൻ ആകുമെന്ന് അയാൾ ഒരിക്കലും വിശ്വസിച്ചിരുന്നില്ല. അതു കൊണ്ടാണ് ഏറെ നാളത്തെ കാത്തിരിപ്പിനു ശേഷം അയാളെ ക ണ്ടുമുട്ടിയ ഒരു ദിവസം അവൾ അയച്ചു കൊടുത്ത കഥ അയാളെ അമ്പരപ്പിച്ചത്. മറുപടിയായി നിറ യെ വിസ്മയ ചിഹ്നങ്ങൾ ഉള്ള ഒരു സന്ദേശമാണ് അവളുടെ ഫോണിലേക്ക് എത്തിയത്. സ്വതവേ വാക്കു കൾക്ക് പിശുക്കു കാണിക്കാറുള്ള അ യാൾ പുകഴ്ത്തി എഴുതിയതൊക്കെ എത്ര വട്ടം വായിച്ചു എന്ന് അവൾക്കു ഓർമയില്ല.



'എന്തേ ഇതുവരെ എഴുതിയില്ല?' അയാൾ ചോദി ച്ചു.

'ഇതിനു മുൻപ് നാം കണ്ടുമുട്ടിയില്ലല്ലോ' അവൾ ചിരിച്ചു.

രാത്രിയിൽ അയാളുടെ ആശംസ സന്ദേശത്തിനു മറുപടിയായി അവൾ എഴുതി 'നീയാണ് എന്റെ കഥ. ഓരോ തവണ നിന്നെ കാണുമ്പോഴും എന്റെ മനസ്സ് തുളുമ്പുന്നതും കഥ ചുരത്തുന്നതും ഞാ ൻ അറിയുന്നുണ്ട്.' 'എഴുതൂ, ഒരു ഇരുപതു കഥ കൾ ആവുമ്പോൾ നമുക്ക് ഒരു സമാഹാരമാ ക്കാം. എന്നത്തേക്ക് പ്രതീക്ഷിക്കാം?'
' നിന്നെ ഇരുപതാമത്തെ വട്ടം ഇനി കാണു മ്പോൾ 'ഒരു നിറ പുഞ്ചിരി സന്ദേശമാ യി തിരി കെയെത്തി.

നഗരത്തിരക്കിലൂടെ അയാളോട് ചേർന്ന് നട ക്കുമ്പോൾ എപ്പോഴും കഥകളെക്കുറിച്ചു മാ ത്രമാണ് അവൾ സംസാരിച്ചിരുന്നത്. അയാ ൾ ചിലപ്പോൾ കഥയില്ലായ്മകളെ ക്കുറിച്ചും. കണ്ടുമുട്ടലുകൾ കഥാ സന്ദർഭങ്ങ ളായി മാറുന്ന ത് പലപ്പോഴും അവൾ തിരിച്ചറിഞ്ഞു
'നിന്റെ വാക്കുകൾ കൊണ്ട് ഞാൻ വീണ്ടും ഗർ ഭം ധരിച്ചു. കഥക്കുഞ്ഞുങ്ങളെ പ്രസവിക്കാ ൻ 'അവൾ എപ്പോഴും കളി പറഞ്ഞു.
.........................
സാഹിത്യ അക്കാദമി അവാർഡ് നേടിയ അവളു ടെ കഥ സമാഹാരത്തിന്റെ പേര്' ഇരുപതാമത്തെ കഥ'എന്നായിരുന്നു .
അയാളുടെ വിവാഹ ചിത്രമുള്ള ദിനപത്രം ക യ്യിലിരുന്ന വിറച്ച ദിവസമാണ് അവൾ ഇരുപതാമ ത്തെ കഥയെഴുതിയത് .

കഥയുടെ പേര്
'ഇന്ന് വിവാഹിതരാകുന്നു'. ■



ബിജിയെൻ
mailtobgn@gmail.com

# നിലാവ്

നീല നിലാവിൻ നുരയുംപൂന്തിരയിൽ
നിറയുവതേതൊരു   മധുരസ്വപ്നം!
രാവിന്റെ വിൺജാലകം തുറന്നേതോ
രാഗമായൊഴുകുന്ന മധുര ഗാനം
സന്ധ്യയിൽ നീരാടി ഈറനായ  ഭൂമി
വെൺചന്ദ്രനെ പുൽകാൻ ഒരുങ്ങിനിൽപൂ!
രാത്രിതൻ മുറ്റത്തു മണിയറ ഒരുക്കുന്നു
രജനിതൻ പ്രിയസഖികൾ താരകങ്ങൾ!
ചന്ദ്രിക നിവർത്തിയ നറുവിൺ
കമ്പളത്തിൽ
ചന്ദനം ചേർക്കുന്ന മധുരയാമം!
മെല്ലെ വിടരുന്ന മുല്ല മൊട്ടുകൾ തൻ
പൂമണം
കാറ്റിൻ കൈകളാൽ പടരുന്നു!

നീല നിലാവിൻ നുരയും പൂന്തിരയിൽ
നിറയുവതേതൊരു മധുരസ്വപ്നം!
കളിവാക്കു പറയുവാൻ ജാലകം
കടന്നെത്തിയ കാറ്റിൽ
ഭൂമി തൻ അടയാട മെല്ലെ ഉതിർന്നു
നാണം പടർന്ന പുഴ തൻ നെഞ്ചകം
പ്രേമാർദ്രമായി ഉലഞ്ഞു
രാത്രിതൻ കണ്മഷി മെല്ലെ പടർന്നു
രാവിന് രതിഭരമായ യാമം
പ്രണയം നിറഞ്ഞു ഭൂമിയും തളർന്നു
നിലാവിൻ മെത്തയിൽ വീണു മയങ്ങി
നീല നിലാവിൻ നുരയുംപൂന്തിരയിൽ
നിറയുവതേതൊരു മധുരസ്വപ്നം!
രാവിന്റെ വിൺജാലകം തുറന്നേതോ
രാഗമായൊഴുകുന്ന മധുര ഗാനം



ബിജു ബി റാഫേൽ
bijubr2014@gmail.com



# തെരുവുജാലകം

പുതിയ വീട്ടിൽ അവളെ ഏറ്റവും ആകർഷിച്ചത് അടുക്കളയിലെ വലിയ ജനലുകൾ ആയിരുന്നു. തെരുവിലേക്ക് തുറക്കുന്ന വലിയ ചില്ലുജാലകങ്ങൾ! മഹാ നഗരത്തിന്റെ കൊച്ചു പതിപ്പായിരുന്നു ആ തെരുവ്. എല്ലാവരും തിരക്കിലാണ്.... പരസ്പരം ഒന്ന് നോക്കുക പോലും ചെയ്യാതെ....

'ജീവനുള്ള പ്രതിമകൾ', അവൾ അയാൾ പറയാറുള്ളതോർത്തു. അവൾ പുറത്തേക്കു നോക്കി. തെരുവിന്റെ ഓരംപറ്റി നിരന്നു കിടക്കുന്ന കാറുകൾ.... പല വർണങ്ങൾ ഉള്ളവ.. ചിലപ്പോൾ അതിൽ ഒന്നിൽ അയാൾ ഉണ്ടാവാം, കയ്യിൽ പാതി നിറഞ്ഞ ഒരു ഗ്ലാസുമായി. എപ്പോഴും വീടിനടുത്തുള്ള തെരുവുകളിലൊന്നിൽ വണ്ടി ഒതുക്കി, തിരക്കുകളിൽ വിസ്കി അലിയിച്ചാണ് അയാൾ മദ്യപിച്ചിരുന്നത്..... പകുതിയാവുമ്പോൾ മടുത്തു ഗ്ലാസ് തെരുവിലേക്കെറിഞ്ഞ്.....
അയാൾ അങ്ങിനെയാണ്. എല്ലാം പകുതിയിൽ നിറുത്തി..
പഠനവും ജോലിയും പ്രണയം പോലും......
പ്രത്യേകിച്ചൊരു കാരണവും ഇല്ലാതെ...
അവളുടെ ചുണ്ടിൽ പാതി മുഴുമിച്ച ഒരു ചുംബനം പോലും അയാൾ ബാക്കി വച്ചിരുന്നു....

എന്നെങ്കിലും വീണ്ടും തുടങ്ങാൻ എന്തെങ്കിലുമൊക്കെ ബാക്കി വക്കണം എന്നാണയാൾ പറയാറ്. ചിലപ്പോൾ നിനക്ക് വേണ്ടി ജീവിതം ബാക്കി വെക്കാൻ മറന്നു പോയതിലെ സങ്കടമുള്ളൂ എന്ന് പറയും..
മറ്റു ചിലപ്പോൾ നിന്നെ കെട്ടാതിരുന്നത് കൊണ്ടാണ് എന്റെ പ്രണയം ഇനിയും ബാക്കി നിൽക്കുന്നതെന്ന് ചിരിക്കും....
അയാൾ കുഞ്ഞുങ്ങളെപ്പോലെയാണ് ചിരിച്ചിരുന്നത്. ചിരിക്കു മ്പോൾ അയാളുടെ കവിളിൽ നുണക്കുഴികൾ തെളിയുന്നത് അവൾ കൗതുകത്തോടെ നോക്കിയിരിക്കും .

അയാൾ എഴുതിയ കഥകളിൽ എല്ലാം തെരുവുകൾ മാത്രമാണുണ്ടായിരുന്നത്. എന്തൊക്കെ മുഖങ്ങളാണ് അയാളുടെ തെരുവുകൾക്ക്...
പ്രകാശിക്കുമ്പോൾത്തന്നെ ഇരുട്ട് പരത്തുന്നവ..
തിരക്കിനിടയിൽ ഒറ്റക്കാക്കുന്നവ....
വസ്ത്രക്കൊഴുപ്പിൽ നഗ്നരാക്കുന്നവ...
പ്രണയ പാരവശ്യത്തിൽ ചതിക്കുഴി തീർക്കുന്നവ...

എങ്കിലും അവൾക്കെഴുതിയ കത്തുകളിലൊക്കെ അയാൾ പ്രണയത്തെക്കുറിച്ചു മാത്രമാണ് പറഞ്ഞിരുന്നത്. നേരിൽ കാണു മ്പോൾ, നിന്റെ കണ്ണിൽ നിന്നും ഞാൻ അന്നും പ്രണയം വായിക്കട്ടെ എന്ന് അയാൾ ആർദ്രനാകും ...

ഓർമ്മകൾ കരച്ചിലോളമെത്തുമ്പോൾ അവൾ ജനലുകളടച്ചു പിൻവാങ്ങി.. പിന്നെ, പിരിയും മുൻപ് അയാൾ കൊടുത്ത പുസ്തകം തുറന്നു വീണ്ടും വായിച്ചു..

'ഞാൻ നിന്നെ പരിചയപ്പെട്ടത് പ്രണയത്തെക്കുറിച്ചു പറയാനാണ്. പ്രണയത്തിന്റെ ജാലകങ്ങൾ ഒരിക്കലും തുറന്നിടരുതെന്നു പറയാൻ.' ■




ചാക്കോച്ചൻ തോമസ്
chackochanvthomas@yahoo.co.in


# സുഗന്ധി എന്ന ആണ്ടാൾ ദേവനായകി




Art or literature is the expedition into , exploration of and experiment with the possibilities of human experiences.

മനുഷ്യാനുഭവങ്ങളുടെ സാധ്യതകളിലൂടെയുള്ള ഒരു ധീര സാഹസിക പര്യവേക്ഷണണമാണ് കല അല്ലെങ്കിൽ സാഹിത്യം. ഓരോ സാഹിത്യകൃതിയും അത്തരം പര്യവേക്ഷണങ്ങളുടെ തീഷ്ണതയിൽനിന്നു ഉടലെടുക്കുന്ന ഉത്പന്നം ആണെന്നും അത് വായനക്കാരിൽ എത്തുമ്പോൾ വീണ്ടും അനവധിയായ പുതിയ അനുഭവങ്ങളുടെ സാധ്യതകൾകൂടി തുറന്നിടുമെന്നും ഞാൻ വിശ്വസിക്കുന്നു.

ഇങ്ങനെ വിവിധ തലങ്ങളിൽ സ്പർശിക്കാവുന്ന ഒരു നോവൽ ആണ്

ടി.ഡി. രാമകൃഷ്ണൻ എഴുതിയ 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി '2016 ലെ കേരള സാഹിത്യ അക്കാഡമി അവാർഡും 2017 ലെ വയലാർ അവാർഡും രാമകൃഷ്ണന് നേടിക്കൊടുത്ത ഈ കൃതി, ശ്രീലങ്കയുടെ സാമൂഹിക രാഷ്ട്രീയ സംഘർഷങ്ങളുടെ പശ്ചാത്തലത്തെയും അധികാരം സൃഷ്ടിക്കുന്ന ഹിംസയുടെ ചരിത്രഇസന്ദർഭങ്ങളെയും ഐതിഹ്യങ്ങളും, ഭാവനയും യാഥാർഥ്യവും ചേർത്ത് സവിശേഷമായ ഒരു രചനാരീതിയിലൂടെ അനുവാചകരെ പുതിയ വായനാനുഭവങ്ങളിലേക്ക് നയിക്കുന്നു.

1000 വർഷങ്ങൾക്ക് അപ്പുറവും ഇപ്പുറവുമായി രണ്ടു കഥാ പശ്ചാത്തലമുണ്ട് ഈ നോവലിന്, പത്താം നൂറ്റാണ്ടിലെ ചേര ചോളാ ഭരണകാലത്തു നടക്കുന്ന ദേവനായകിയുടെ കഥയും, ഇങ്ങു അടുത്ത കാലത്തു ശ്രീലങ്കയുമായ് ബന്ധപ്പെട്ടു വേലുപ്പിള്ളൈ പ്രഭാകരന്റെ നേതൃത്വത്തിൽ നടന്ന തമിഴ് വിമോചന പോരാട്ടങ്ങളും അത് അമർച്ച ചെയ്തതിനു ശേഷമുള്ള ശ്രീലങ്കൻ ജീവിത പശ്ചാത്തലത്തിൽ ഉള്ള സുഗന്ധി എന്ന ആണ്ടാൾ ദേവനായകിയുടെ കഥയും.

ഇത് ഒരു ചരിത്രനോവൽ അല്ല. എങ്കിലും നാം അറിയുന്ന വ്യക്തികളും സ്ഥലങ്ങളും നമ്മുടെ മുൻപിൽ വന്നു നിൽക്കുമ്പോൾ ഇത് യാഥാർഥമാണോ അതോ കഥാകാരന്റെ ഭാവനയാണോ എന്ന് സംശയിക്കുന്ന രൂപത്തിൽ ആണ് ഈ നോവലിലെ പല സംഭവങ്ങളും രചനാ രീതിയും.

അവസാനത്തെ കൂടിക്കാഴ്ച എന്ന പേരിൽ ഈ നോവലിൽ ഒരു അധ്യായം ഉണ്ട്. ജാഫ്ന മെഡിക്കൽ കോളേജിലെ

പ്രൊഫസറും സമാധാന പ്രവർത്തകയും ആയിരുന്ന Dr. രജനി തിരണഗാമയും തമിഴ് വിമോചനപുലികളുടെ നേതാവായിരുന്ന പ്രഭാകരനും തമ്മിൽ നടന്നു എന്ന് ചിത്രീകരിക്കുന്ന ഒരു രഹസ്യ സമാഗമം. സമപ്രായക്കാരിയും തന്റെ ബാല്യകാലം തൊട്ടേയുള്ള സുഹൃത്തുമായ രജനിയോട് തമിഴ് പുലികളെ അവരുടെ ഹിംസാത്മക പ്രവർത്തനങ്ങളുടെ പേരിൽ വിമർശിക്കുന്നതിൽനിന്നു മാറിനിൽക്കാൻ പ്രഭാകരൻ ആവശ്യപ്പെടുന്ന ഈ ഭാഗം പക്ഷം ചേരാത്ത ഏത് സമാധാനപ്രവർത്തകനും നേരിടുന്ന വെല്ലുവിളിയും ധർമ്മസങ്കടവും ആഴത്തിൽ വ്യക്തമാക്കുന്നു. ഈ കൂടിക്കാഴ്ച അവസാനിക്കുന്നത് ഇങ്ങനെയാണ് .

പ്രഭാകരൻ: ഇയക്കത്തെ വിമർശിച്ചാൽ ഞങ്ങൾക്ക് ഇതിൽ ഇടപെടേണ്ടിവരും. അപ്പോൾ രജനി എന്റെ കൂട്ടുകാരി ആയിരുന്നുവെന്നോ അപ്പാവും അപ്പാവും പരിചയക്കാരായിരുന്നുവെന്നോ ഉള്ള പരിഗണനയൊന്നും നല്കാൻ കഴിഞ്ഞെന്നുവരില്ല.

രജനി: വേണ്ട, നീയെന്താ പ്രഭ പേടിപ്പിക്കുകയാണോ? ഇയക്കത്തിന്റെ മനുഷ്യാവകാശധ്വംസനങ്ങളെ പുറത്തു കൊണ്ടുവരുമ്പോൾ അയ്യോ ഇതിന്റെ തലൈവൻ എന്റെ പ്രിയപ്പെട്ട കൂട്ടുകാരനായിരുന്നല്ലോ എന്ന പരിഗണനയെന്നും എനിക്കും നല്കാൻ കഴിഞ്ഞെന്നുവരില്ല.

ഇതിൽ പറയുന്ന കഥാസന്ദർഭത്തിനുശേഷം അധികം വൈകാതെതന്നെ രജനി കൊല്ലപ്പെടുന്നു എന്ന യാഥാർഥ്യം മനസ്സിലാക്കുമ്പോൾ ഇത് കഥാകാരന്റെ ഭാവന അല്ല എന്നും അങ്ങനെയൊരു കൂടിക്കാഴ്ച സംഭവിച്ചിട്ടുണ്ടാകും എന്ന് വിശ്വസിച്ചു പോകും ഏതൊരു വായനക്കാരനും.

ഇനി കഥയിലേക്ക്, മലയാളിയായ പീറ്റർ ജീവാനന്ദം ഒരു സിനിമ എടുക്കുന്നതിനായി ശ്രീലങ്കയിൽ എത്തുന്ന തോടുകൂടിയാണ് നോവൽ ആരംഭിക്കുന്നത്. യൂറോപ്പിൽ നിന്നുള്ള ഏതാനും സഹപ്രവർ ത്തകരും പീറ്ററിനൊപ്പം ഉണ്ട്.

നേരത്തെ സൂചിപ്പിച്ച Dr രജനി തിരണഗാമയുടെ ജീവിതം ഇതിവൃത്തമാക്കി നിർമിക്കുന്ന ഈ സിനിമയുടെ തിരക്കഥാകൃത്താണ് പീറ്റർ. രജനി കൊല്ലപ്പെട്ടിട്ട് 15 വർഷങ്ങൾ എങ്കിലും ആയിരിക്കുന്ന ഈ സമയത്തു ശ്രീലങ്കയിലെ ആഭ്യന്തര യുദ്ധം അവസാനിക്കുകയും വേലുപ്പിള്ളയ് പ്രഭാകരൻ ഉൾപ്പെടയുള്ള പ്രധാനപ്പെട്ട തമിഴ് വിമോചന പോരാളികളെല്ലാം കൊല്ലപ്പെടുകയും ബാക്കിയുള്ളവർ ജയിലിലാവുകയും ചെയ്തിരുന്നു.

Woman Behind The Fall of Tigers എന്ന് പേരിട്ടിരിക്കുന്ന ഈ സിനിമ ശ്രീലങ്കൻ സർക്കാരിന്റെ സഹകരണത്തോടെയാണ് എടുക്കുന്നത്. സർക്കാരിന്റെ ലക്ഷ്യം ശ്രീലങ്കൻ ആഭ്യന്തരയുദ്ധത്തിൽ ഉണ്ടായ കടുത്ത മനുഷ്യാവകാശധ്വംസനങ്ങളെ വെള്ളപൂശുകയും അതിന്റെ പരിപൂർണ ഉത്തരവാദിത്വം തമിഴ് പുലികളുടെ മേൽ ചാർത്തുകയും ചെയ്യുക എന്നുള്ളതാണ്. നേർവ്യത്യസ്തമായി, ശ്രീലങ്കൻ സർക്കാരിനെ പ്രതിസ്ഥാനത്തു നിറുത്തുന്ന രൂപത്തിലുള്ള ഒരു തിരക്കഥയുമായി ഇതേ പ്രജക്ട് തന്നെ ചെയ്യാൻ ഏതാനും വർഷങ്ങൾക്ക് മുമ്പ്, ശരിക്കും പറഞ്ഞാൽ വേലുപ്പിള്ളയ് പ്രഭാകരന്റെ പ്രതാപകാലത്തു ശ്രീലങ്കയിൽ പ്രവർത്തിച്ച ഒരു ഭൂതകാലമുണ്ടായിരുന്നു പീറ്ററിന്. എന്നാൽ പിന്നീട് പുറത്തുവന്ന വിവരങ്ങൾ വച്ചുനോക്കുമ്പോൾ അന്നത്തെ തിരക്കഥ വസ്തുതാപരമായി പൂർണമായി ശരിയല്ലെന്നും കൂടുതൽ വിവരങ്ങൾ ചേർത്തുള്ള പുതിയ തിരക്കഥ വച്ചേ ഇനി സിനിമ എടുക്കൂ എന്നും പീറ്റർ ഉറപ്പിക്കുന്നു. പ്രത്യേകിച്ചും രജനിയുടെ മരണത്തിനു ഉത്തരവാദി ആരാണെന്നു ഇനിയും ഉറപ്പിച്ചു പറയാൻ സാധ്യമല്ലാത്ത അവസരത്തിൽ. ആദ്യവരവിൽ തന്റെ സഹായിയും സുഹൃത്തും ആയിരുന്ന സുഗന്ധി എന്ന തമിഴ് പോരാളി പെൺകുട്ടിക്കു, കൂടുതൽ ചരിത്ര വസ്തുതകൾ നൽകി സ്ക്രിപ്റ്റ് നിർമ്മിതിയിൽ തന്നെ സഹായിക്കാൻ കഴിയുമെന്ന് പീറ്റർ വിശ്വസിക്കുന്നു . പുതിയ സാഹചര്യത്തിൽ അവളെ കണ്ടെത്തുക എന്നതായിരുന്നു പീറ്റർ നേരിട്ട വെല്ലുവിളി.

അന്വേഷണങ്ങൾക്ക് ഒടുവിൽ പാരീസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു തമിഴ് ഗ്രൂപ്പിന്റെ ഓൺലൈൻ പ്രസിദ്ധീകരണ ത്തിൽ നിന്നും അവളെസംബന്ധിച്ചുള്ള വിവരങ്ങൾ പീറ്ററിന് ലഭിക്കുന്നു. അവൾ ഓൺലൈനിൽ തന്നെ പ്രസിദ്ധീകരിച്ച ആണ്ടാൾ ദേവനായകിയുടെ കഥയാണ് തുടർന്നങ്ങോട്ട് നോവലിൽ. കഥക്കുള്ളിൽ മറ്റൊരു ട്വിസ്റ്റുണ്ട് ഇവിടെ. ദേവനായകിയു ടെ കഥ എഴുതിയത് ശ്രീവല്ലഭ ബുദ്ധനാർ എന്ന തമിഴ് ബുദ്ധ ഭിക്ഷുവാണ്. ഇദ്ദേഹം പാലി ഭാഷയിൽ എഴുതിയ സുസാന സുപിന (സ്വപ്നങ്ങളുടെ ശ്മശാനം) എന്ന പഴയ താളിയോല ഗ്രന്ഥത്തിൽ ഉള്ള ആണ്ടാൾ ദേവനായകിയുടെ കഥയാണ് സുഗന്ധി ഇവിടെ പറയുന്നതായി നോവലിസ്റ്റ് വരച്ചുകാണിക്കുന്നത്.

AD 992 ൽ ചോളചേര ഭരണ പശ്ചാത്തലത്തിൽ കുലശേഖര സാമ്രാജ്യത്തിന്റെ തെക്കേ അറ്റത്തുള്ള പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന കാന്തള്ളൂർ നാട്ടുരാജ്യവുമായി ബന്ധപെട്ട് ആണ് ദേവനായകിയുടെ കഥ ആരംഭിക്കുന്നത്. അവിടുത്തെ ഒരു പ്രമാണിയുടെ മകളായി ജനിച്ച് വിദ്യാഭ്യാസത്തിലും കലയിലും ബുദ്ധി ശക്തിയിലും സൗന്ദര്യത്തിലും ഉന്നതയായി വിരാചിച്ച ദേവനായകി കാന്തള്ളൂർ രാജാവ് മഹേന്ദ്രവർമന്റെ എട്ടാമത്തെ ഭാര്യയായിത്തീരുന്നു. സംഭവബഹുലമാണ് പിന്നീടുള്ള ദേവനായകിയുടെ ജീവിതം .

ചോളരാജാവായ രാജരാജചോളനുമായുള്ള യുദ്ധത്തിൽ കാന്തള്ളൂർ രാജാവ് പരാജയപ്പെടുകയും മരണപ്പെടുകയും ചെയ്യുന്നതോടുകൂടി

ദേവനായകി പാരമ്പര്യങ്ങൾ മറികടന്നു ഭർതൃഘാതകനായ രാജരാജന്റെ പത്നിയായി പുതിയ ജീവിതം ആരംഭിക്കുന്നു. ഇന്നത്തെ കാലത്തേ സദാചാര അളവു കോലുകൾക്കും അപ്പുറം ആണ് ദേവനായകിയുടെ ജീവിതം തുടർന്നങ്ങോട്ട്. ഇതിനെ ബുധനാർ വിവരിക്കുന്നത് ഇങ്ങനെയാണ്, സ്ത്രീ ഒരു പുഴയാണ്, എപ്പോഴും ഒഴുകാൻ കൊതിക്കുന്ന ഒരു പുഴ.

ചോളഭരണകാലത്തെ തമിഴകത്തിന്റെ ചരിത്രവും ദേവനായകിയുടെ ഭരണമികവുമെല്ലാം പരക്കെ ആലേഖനം ചെയ്യപ്പെടുന്നുണ്ട് നോവലിന്റെ ഈ ഭാഗത്ത്. യുവ രാജാവായ രാജേന്ദ്രചോളന്റെ അക്കയും, മാദേവിയാരും കാമരൂപിണിയായ ജ്ഞാന സരസ്വതിയായും ഒരേ സമയം ജീവിച്ചു ദേവനായകി. ഇതിനിടക്ക്, ദേവനായകിക്ക് രാജരാജചോളനിൽ ജനിച്ച മകൾ സിംഹള രാജാവായ മഹേന്ദ്രന്റെ അനുചരന്മാരാൽ മൃഗീയമായി കൊല്ലപ്പെടുന്നു. ഇതോടുകൂടി ദുഖിതയും പ്രതികാരദുർഗയുമായി മാറിയ ദേവനായകി മഹേന്ദ്രനെ വകവരുത്തുന്നതിനായി ശ്രീലങ്കയിലേക്ക് പുറപ്പെടുന്നു. ശ്രീലങ്കയിൽ എത്തി മഹേന്ദ്രന്റെ സ്വപ്നനഗരം എന്നറിയപ്പെടുന്ന രാജധാനിയിൽ പ്രവേശിക്കുന്ന ദേവനായകി ഒന്നും സംഭവിക്കാത്തതുപോലെ മഹേന്ദ്രനോടൊപ്പം കഴിഞ്ഞുകൂടുകയും ഇതിനിടക്ക് മഹേന്ദ്രനെ വകവരുത്താനുള്ള പദ്ധതികൾ ആലോചിക്കുകയും ചെയ്യുന്നു. എന്നാൽ അപ്രതീക്ഷിതമായി അവിടെ എത്തുന്ന നിശാങ്കവജ്രജൻ എന്ന ബുദ്ധസന്യാസിയിൽ നിന്നു ദിവസങ്ങൾ നീളുന്ന പൂജാവിധികളിലൂടെയും താന്ത്രികാനുഷ്ഠാനങ്ങളിലൂടെയും കർമ മുദ്രയും ജ്ഞാനരഹസ്യങ്ങളും അഭ്യസിക്കുന്ന ദേവനായകി പ്രതികരവാഞ്ഛ വെടിഞ്ഞു പ്രശാന്തമായ ഒരു ഭാവത്തിലേക്ക് എത്തുന്നു. ജ്ഞാനരഹസ്യം കൈമാറിയ ഉടനെ ഗുരു നിശാങ്കവജ്രജൻ സമാധിയാകുന്നു. അവിശ്വസനീയമായ ഈ സംഭവവികാസങ്ങൾക്കൊടുവിൽ ദിവ്യ പ്രകാശത്താൽ വലയം ചെയ്യപ്പെട്ട ദേവനായകി ഒരു അമാനുഷിക സ്വരൂപത്തിൽ ലയിച്ചു പിൽക്കാലത്തു പ്രചരിക്കപ്പെട്ട ആണ്ടാൾ ദേവനായകി എന്ന ഒരു മിത്ത്ലേക്ക് രൂപം പ്രാപിക്കുന്നു. നോവലിസ്റ്റിന്റെ ഭാഷയിൽ 'അമാനുഷികമായ ഒരു ശക്തി കൈവന്ന ദേവനായകി പെട്ടെന്ന് ആകാശത്തോളം വളർന്നു. ഒരു കാൽ സികിരി യയിലും മറ്റേ കാൽ ശ്രീപാദമലയിലും വച്ച് അവൾ ആകാശത്തിലൂടെ നടന്നുപോയി. 'ഇനിയുള്ള കഥ വർത്തമാനകാലത്തിലേക്കും സുഗന്ധി എന്ന ആണ്ടാൾ ദേവനായകിയുടെ ജീവിതത്തിലേക്കും പ്രവേശിക്കുന്നു .

കൊളോമ്പോയിൽ ജനിച്ചുവളർന്ന സുഗന്ധിക്ക് മാതാപിതാക്കൾ നൽകിയ പേരാണ് ആണ്ടാൾ ദേവനായകി എന്നത്. സുഗന്ധി എന്നത് എൽ ടി ടി ഇ യിൽ ചേർന്നപ്പോൾ അവൾക്ക് ലഭിച്ചതും. നല്ല പാരമ്പര്യവും കുടുംബപശ്ചാത്തലവും ആണ് സുഗന്ധിക്കുണ്ടായിരുന്നത്. പിതാവ് യൂണിവേഴ്സിറ്റി പ്രൊഫസർ. 'അമ്മ ഗൈന ക്കോളജിസ്റ്റ്. സുഗന്ധിക്ക് 3 വയസ്സുള്ള പ്പോൾ കൊളോമ്പോയിൽ നടന്ന ഒരു കലാപ ത്തിൽ മാതാപിതാക്കളെയും സഹോദരനെ യും നഷ്ടപ്പെട്ടു. നിരാലംബയായ സുഗന്ധി തുടർന്ന് അഭയാർഥി ക്യാമ്പിലായി. 3 കൊല്ല ങ്ങൾക്കുശേഷം ഒരു ബന്ധു അവളെ കണ്ടെ ത്തുകയും ലണ്ടനിലേക്ക് കൊണ്ടു പോകുകയും നല്ല വിദ്യാഭ്യാസം നൽകി വളർത്തു കയും ചെയ്തു. നിർഭാഗ്യകരമായ ആ കുട്ടികാലം അവളെ വളർന്നപ്പോൾ തമിഴ് വിമോചനപ്പോരാളിയാക്കി മാറ്റി. തുടർന്ന് പ്രവർത്തനം ലണ്ടനിൽനിന്ന് ശ്രീലങ്കയിലേക്ക് മാറ്റുന്നു. സംഘർഷങ്ങള്ക്കിടക്ക് പിടിക്കപ്പെട്ട സുഗന്ധി കടുത്ത പീഡനങ്ങൾക്കും യാതനകൾക്കും വിധേയയാകുന്നു. തുടർന്നു കാനഡയിലേക്ക് രക്ഷപെടുന്നു. പ്രവാസത്തിലും അവൾക്ക് കൊടിയ യാതനയാണ് നേരിടേണ്ടിവന്നത്. ചാരന്മാരാൽ ആക്രമിക്ക പ്പെട്ട സുഗന്ധിയുടെ രണ്ടു കൈകളും അവർ വെട്ടിമാറ്റി. ജീവിതത്തിൽ നഷ്ടങ്ങൾ മാത്രം സഹിച്ചു ജീവൻ മാത്രം നിലനിർത്തി പ്രവാസത്തിൽ ജീവിച്ച അവൾ തുടർന്നും തന്റേതായ രീതിയിൽ തന്റെ സമൂഹത്തിന്റെ വിമോചന പോരാട്ടം എഴുത്തിലൂടെയും ഓൺലൈൻ സമ്പർക്കങ്ങളിലൂടെയും തുടർന്നുകൊണ്ടേയിരുന്നു. വർഷങ്ങൾ കഴിഞ്ഞു. ഒടുവിൽ മറ്റൊന്നും ഫലപ്രാപ്തിയിൽ എത്താതിരുന്നതുകൊണ്ടു പ്രതികാരത്തിനായി സുഗന്ധി മറ്റൊരു പേരിൽ ശ്രീലങ്കയിൽ എത്തുന്നു. ലക്ഷ്യം, ഉടൻ നടക്കാനിരിക്കുന്ന കോമൺവെൽത് ഉച്ചകോടിയിൽ ആക്രമണം സംഘടിപ്പിക്കുക, അതുവഴി ശ്രീലങ്കയിൽ നടന്ന കടുത്ത മനുഷ്യവകാശധ്വംസനങ്ങൾ ലോകശ്രദ്ധയിൽ കൊണ്ടുവരിക. എന്നാൽ സുഗന്ധിക്ക് ഉദ്ദേശിച്ച ലക്ഷ്യപ്രാപ്തി കൈവരിക്കാനായില്ല സ്ഫോടനത്തിൽ സുഗന്ധി മരണപ്പെട്ടു. സ്ഫോടനത്തിൽ ചിതറിത്തെറിച്ച് വാനിലേക്ക് ഉയർന്ന ഇരുകൈകളുമില്ലാത്ത സ്ത്രീ രൂപത്തെ ഒരു കാൽ സികിരിയയിലും മറ്റേ കാൽ ശ്രീപാദമലയിലും വച്ച് വാനിലൂടെ നടന്നുനീങ്ങിയ പഴയ ആണ്ടാൾ ദേവനായകിയായി സങ്കൽപിക്കുന്നിടത്തു സുഗന്ധി എന്ന ആണ്ടാൾ ദേവനായകിയുടെ കഥ അവസാനിക്കുന്നു.

സുഗന്ധിയിലൂടെയും അതുപോലെയുള്ള മറ്റു വ്യക്തികളിലൂടെയും (പ്രത്യേകിച്ച് സ്ത്രീകൾ) ശ്രീലങ്കൻ ആഭ്യന്തര യുദ്ധത്തിന്റെ ഭീകരതകൾ തുറന്നുകാണിക്കുന്നുണ്ട് നോവലിൽ. ലോകത്തെവിടെയും യുദ്ധങ്ങളിലും അധിനിവേശങ്ങളിലും ഏറ്റവും കൂടുതൽ ഇരയാക്കപ്പെടുന്നത് സ്ത്രീകൾ ആണെന്നുള്ളത് ഒന്നുകൂടി അടയാളപ്പെടുത്തുന്നു ഈ നോവൽ.

ആയുധം വെച്ച് പോരാടുന്ന രണ്ടു ശക്തിക ൾക്കു മുന്നിൽ സമാധാനത്തെപ്പറ്റി സംസാരിക്കുന്നതു പോലും അപകടകരമാണെന്ന് ഇതിൽ പ്രതിപാദി

ക്കപ്പെടുന്ന മനുഷ്യാവകാശ പ്രവർത്തകയായ ഡോ. രജനി തിരണ ഗാമയുടെ മരണം ഓർമ പ്പെടുത്തുന്നു.

ടി.ഡി. രാമകൃഷ്ണൻ ഈ പുസ്തകം സമർപ്പി ച്ചിരിക്കുന്നത് ഡോ. രജനി തിരണഗാമക്കാണ്. No More Tears Sister എന്ന പേരിൽ. മരണത്തിന് ഏതാനും മാസങ്ങൾക്കുമുമ്പ് ഡോ. രജനിയുടെ വാക്കുകൾ ഇങ്ങനെ ആയിരുന്നു.

One day some gun will silence me and it will not be held by an outsider but by the son born in the womb of this very society, from a woman with whom my history is shared

Men in battle garb, whether they come with swords or guns, on a horse or in armoured cars, the price of conquest seems heightened by the violation of women,

മിത്തും, യാഥാർഥ്യവും ഇഴപിരിച്ചു മനസ്സി ലാക്കാൻ പലപ്പോഴും ബുദ്ധിമുട്ടും ഇതിന്റെ വായനയിൽ. കാലദേശ വ്യക്തതയും ചിലപ്പോൾ വെല്ലുവിളിയാണ്. എങ്കിലും ആസ്വാദനത്തിനു ഇടിവില്ലാതെ ചുരുങ്ങിയ ദിവസങ്ങൾക്കു ഉള്ളി ൽ വായിച്ചുതീർക്കാൻ കഴിയുന്ന എഴുത്തിന്റെ ഭംഗിയുള്ള കഥാപുരോഗതിയിൽ ക്രമാനുഗതമാ യി ജിജ്ഞാസ ജനിപ്പിക്കുന്ന നോവൽ ആണ് സു ഗന്ധി എന്ന ആണ്ടാൾ ദേവനായകി.

നോവലിനെ സംബന്ധിച്ച് വായനക്കാർ ഉന്നയി ക്കാനിടയുള്ള രണ്ടു സുപ്രധാന പ്രശ്നങ്ങൾക്ക് രാമകൃഷ്ണൻ തന്റെ നില പാട് വിശദീകരിക്കു ന്നത് ഇപ്രകാരമാണ്.

ഒന്നാമത്, ദേവനായകിയുടെ കഥയിൽ കാണുന്ന കടുത്ത സദാചാര വിഭ്രംശം. സ്വന്തം ഭർത്താവി നെ കൊന്നവന്റെ കൂടെ പോകുന്നവളാണ് ദേവ നായകി. ഇത് സംഭവ്യമാണോ?

എ ഡി ആയിരത്തിലുള്ള ഒരു സാമൂഹിക അ നുഭവത്തെ ഇന്നത്തെ സദാചാര വാദത്തിന്റെ നിലപാടിൽ നിന്നുകൊണ്ട് വിശകലനം ചെയ്യാ ൻ കഴിയില്ല. അന്നത്തെ സാമൂഹികാവസ്ഥ മന സ്സിലാക്കേണ്ടതുണ്ട്. അന്ന് സ്ത്രീകൾ കു റെക്കൂടി സ്വതന്ത്രമായാണ് ഇടപെട്ടിരുന്നത്. സ്വാതന്ത്ര്യം എന്നു ഞാൻ പറയുന്നത് നമ്മൾ ഇന്ന് വിഭവനം ചെയ്യുന്ന അർഥത്തിലല്ല. ആ കാലത്ത് നിലനിന്നിരുന്ന ആചാരങ്ങൾ, അനു ഷ്ഠാനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടാണ് ആ കഥ പറയുന്നത്. അത് ഇതുപത്തൊന്നാം നൂ റ്റാണ്ടിൽ സ്വീകരിക്കപ്പെടേണ്ട ഒന്നാകണമെന്നി ല്ല. അല്ലെങ്കിൽ സ്വന്തം ഭർത്താവിനെ കൊന്ന വന്റെ കൂടെ ഒരു സ്ത്രീക്ക് എങ്ങനെ പോ കാൻ കഴിയും എന്ന് ഇന്ന് നമുക്ക് ചോദിക്കാം. നമ്മുടെ ഇന്നത്തെ മൂല്യബോധ മനുസരിച്ച് ഇന്ന് അതിനെ വിലയിരുത്തിയിട്ട് കാര്യമില്ല. ഓരോ കാലഘട്ടത്തിലും നമ്മൾ നമ്മുടേതായ ചില രാ ഷ്ട്രീയ ശരികളെ സൃഷ്ടിക്കും. എന്നിട്ട് അതിനു ള്ളിലേക്ക് ഒരു സമൂഹത്തെ എത്തിക്കണമെന്ന് നമ്മൾ ആഗ്രഹിക്കും. പക്ഷേ, സമൂഹം അതിനൊ പ്പം നിൽക്കണമെന്നില്ല. കാരണം മനുഷ്യനെന്ന ത് നമ്മൾ ആഘോഷിച്ച് പറയുംപോലെ ത്യാഗം, ദയ, കരുണ എന്നിവയുടെ പൂർണമായ ഇരി പ്പിടമൊന്നുമല്ല. അങ്ങനെ ആകണമെന്നത് നമ്മു ടെ ആഗ്രഹമാണ്. യഥാർഥത്തിൽ അവന്റെ മു ന്നോട്ടുപോക്കിനെ നയിക്കുന്നത് സ്വാർഥതയാണ്. അത്യാഗ്രഹം, സ്വാർഥത, ഹിംസ ഈ മൂന്നു കാ ര്യങ്ങളുള്ള ഒരു ജീവിയാണ് മനുഷ്യൻ. ഈ യാ ഥാർഥ്യം നമ്മൾ അംഗീകരിക്കണം. സമൂഹത്തെ തൃപ്തിപ്പെടുത്തിക്കൊണ്ട് നമുക്ക് എഴുതാ ൻ കഴിയില്ല. വായനക്കാരന് വിയോജിക്കാനു ള്ള ഒരിടംകൂടി സൃഷ്ടിക്കുമ്പോഴാണ് ഒരു കൃതി നിലനിൽക്കുന്നത്.

രണ്ടാമത്, ശ്രീലങ്കയിൽ നടന്ന തമിഴ് വംശ പ്രശ്നങ്ങളും, വേലുപ്പിള്ള പ്രഭാകരന്റെ നേതൃത്വ ത്തിൽ നടന്ന പോരാട്ടങ്ങളും ആഭ്യന്തര യുദ്ധങ്ങ ളും ആയി ബന്ധപ്പെട്ടിട്ടുള്ളത്.

ഞാൻ ശ്രീലങ്കൻ വിഷയം കുറച്ചുകാലമായി പി ന്തുടരുന്ന ഒരാളാണ്. അതിലേക്ക് എത്തു ന്നത് വളരെ യാദൃച്ഛികമായാണ്. 25 വർഷ ങ്ങൾക്ക് മുമ്പ് സാധാരണ കേരളത്തിലു ള്ള ആളുകളെപ്പോലെ തന്നെയാണ് ഞാനും ശ്രീലങ്കൻ വിഷയത്തെ കണ്ടത്. അതായത് സിംഹളരായ ശ്രീലങ്കൻ പട്ടാളം തമിഴരെ അ ടിച്ചമർത്തുന്നു. പ്രഭാകരനെയൊക്കെ ചെഗു വേരയെപ്പോലെയാണ് ഞാൻ അന്ന് കണ്ടത്. ഇതു പറയുമ്പോൾ പ്രഭാകരനെ ഞാൻ കുറച്ചു കാണുകയല്ല. പക്ഷേ, രാജീവ് ഗാന്ധി കൊലപാ തം വരെ നീളുന്ന ഇവരുടെ വയലൻസ്, മനുഷ്യ ബോംബിന്റെ പ്രയോഗം. കമ്യൂണിസ്റ്റ് വിപ്ള വത്തിൽപ്പോലും മനുഷ്യ ബോംബുകളെ ഉപയോഗിക്കാറില്ല. ധീരമായി പൊരുതി മരി ക്കുക എന്നതാണ് വിപ്ലവത്തിന്റെ ഒരു രീതി. നമ്മുടെ കൂടെയുള്ള ഒരാളെ മരണത്തിനു കൊടുത്തുകൊണ്ടുള്ള കളിയല്ലത്. ഒരു വിപ്ള വ പ്രസ്ഥാനത്തിന്റെ ഭാഗമായി ചിന്തിക്കാൻ പറ്റുന്ന കാര്യമേയല്ല അത്. അങ്ങനെയുള്ള കാ ര്യങ്ങളാണ് പ്രഭാകരനൊക്കെ ചെയ്തിട്ടുള്ളത്. അതായത് ഇരയായ ഒരു പെൺകുട്ടിയെ ബ്രയി ൻവാഷ് ചെയ്ത് അവളുടെ അരയിൽ ബോംബ് കെട്ടിവച്ചു വിടുകയാണ്. അത് നമുക്ക് യോജി ക്കാൻ പറ്റുന്ന കാര്യമല്ല. ഇതിനിടയിൽ എ ന്റെയൊക്കെ അന്വേഷണം, സമാധാനത്തിനു വേണ്ടി സംസാരിക്കാൻ അവിടെ ആരും ഇല്ലേ എന്നതാണ്. രണ്ടു കൂട്ടരും ഒരു പോലെ ഈ ഹിം സയുടെ ആളുകളാണോ. ഇതാണ് എന്റെ അന്വേ ഷണം. മനുഷ്യാ വകാശത്തെക്കുറിച്ച് സംസാ രിക്കാൻ ഇതിനിടയിൽ ആരെങ്കിലും ഉണ്ടോ. അത്തരം വിവരങ്ങളൊന്നും നമുക്ക് ലഭിക്കുന്നി ല്ല. ഇത്തരത്തിലുള്ള അന്വേഷണത്തിൽനിന്ന് സമാധാനത്തിനുവേണ്ടി സംസാരിക്കുന്ന വ്യക്തി കളും ഗ്രൂപ്പുകളും ഉണ്ടെന്ന് നമ്മൾ മനസ്സിലാ

ക്കുന്നു. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ സമാധാനത്തിനുവേണ്ടി സംസാരിക്കുന്നവരെ പ്പറ്റിയുള്ള അന്വേഷണം എത്തിപ്പെട്ടത് ഡോ. രജനി തിരണഗാമയുടെ മരണത്തിലാണ്. അവരെക്കുറിച്ചുള്ള ഒരു ഡോക്യുമെന്ററി ഞാൻ കാണുന്നു. 'നോ മോർറ്റിയേഴ്സ് സിസ്റ്റേഴ്സ്'. ഈ ഡോക്യുമെന്ററി കണ്ടതോടെയാണ് ഞാൻ യഥാർഥത്തിൽ ഒരു നോവൽ എന്ന നിലയിൽ ഈ വിഷയത്തെ കാണാൻ തുടങ്ങുന്നത്.

അതായത് വയലൻസ് എന്നത് നമ്മുടെ വ്യക്തിജീവിതത്തെയും കുടുംബജീവിതത്തെയും ബാധിക്കാത്തിടത്തോളം വരെ മാത്രമേ വയലൻസിനെതിരെ നമുക്ക് സംസാരിക്കാൻ കഴിയൂ. സമീപകാല ശ്രീലങ്ക തമിഴ്ജീവിതത്തിലെ പല ആളുകളുടെയും കുടുംബത്തിൽ സംഘർഷങ്ങളിൽ ഒരാളുടെയെങ്കിലും ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്. അല്ലെങ്കിൽ അഭയാർഥികളാക്കപ്പെട്ടിട്ടുണ്ട്. അങ്ങനെയുള്ള ഒരു കുടുംബത്തോട് നമ്മൾ സംസാരിക്കുമ്പോൾ അല്ലെങ്കിൽ അത്തരം ഒരു ജനതയെ നമ്മൾ അഡ്രസ് ചെയ്യുമ്പോൾ വയലൻസ് എളുപ്പത്തിൽ കൈകാര്യം ചെയ്യാനാവുന്ന വിഷയമല്ലെന്ന് മനസിലാക്കണം. നമുക്ക് സമാധാനത്തെക്കുറിച്ച് സംസാരിക്കാൻ കഴിയുന്നത് നമ്മൾ വയലൻസിന്റെ ഇര അല്ലാത്തതു കൊണ്ടാണ്. സുഗന്ധിയിൽ ചെറിയൊരു കഥാപാത്രം വരുന്നുണ്ട് ശിവപാൽ. അയാ ളൊരു ഡ്രൈവറാണ്. ശി



വപാലിനോട് രാഷ്ട്രീയമായ കാര്യങ്ങൾ ചോദിക്കുമ്പോൾ അയാൾ ഒരു മറുപടിയും പറയുന്നില്ല. അയാൾ പറയുന്നത് നമുക്ക് സിനിമയെ ക്കുറിച്ച് സംസാരിക്കാമെന്നാണ്. നടുക്കടലിൽ കിടക്കുന്ന ഒരു ജനത ആ അനുഭവത്തെക്കുറിച്ച് പറയാൻ ഭയന്നുകൊണ്ട് സിനിമാ ഗോസിപ്പുകളിൽ അഭയം പ്രാപിക്കുന്നു (T D Ramakrishnan) ■





Dr.K.P.Unnikrishnan,
Former Professor, Dept of Chemistry, U C College
unniucc@gmail.com

# SPIRITUALITY AND SCIENCE

From time immemorial, this has been a hot topic of debate among people all over the world. The common human perception is that science and spirituality are two parallel lines that never meet. This thought arises mainly due to a misconception of the true meaning of the term spirituality. Most often the two terms spirituality and religiosity are used interchangeably by people as if both mean the same. It is necessary to understand that the two terms are distinctly different. Primarily, manifestation of spirituality is possible only in the presence of the other person while it is not a must in religiosity. In fact ,to be spiritual and scientific at the same time is one of the most compelling challenges facing mankind. Certainly it is most desirable not only for scientists but for common man also. According to the 16th century philosopher and scientist Francis Bacon, there are only two types of knowledge existing in this universe; scientific knowledge and knowledge of the Belief Field. Both are inherently related to the existence of man in this universe but are not interrelated in any way.



Scientific knowledge is all about the realities of this universe and the life on it and it has measurable evidences. Science doesn't claim to know about the absolute reality as scientific knowledge grows with time. A provenreality-of today may be modified or even rewritten tomorrow with a new available mechanism and this process goes on and on. The history of mankind has witnessed so many occasions already. Science is a description of the facts and realities with the maximum completeness and maximum economy of thought. Thus science seeks truth and the scientist is a seeker of truth. Scientific pursuit is also based on certain ethical values and whenever these values got overlooked the results were disastrous. Human destiny has become everyone's personal concern; it is no longer any exclusive speculative concern of some philosophers. What you and I do will certainly affect mankind in one way or the other. This realization is the first step in understanding the true meaning of spirituality. To be scientific, one must accept the aim of science as one's own, use its methodology and also develop a scientific mood. This mood itself is associated with spiritual element. To be scientific requires rigorous discipline of the mind as all the conclusions in science are open to verification. Science doesn't pretend to know anything about the God concept or ultimate reality. No true scientist can say God doesn't exist without being unscientific because he is unable to do so by a crucial verification. Albert Einstein was once asked, 'Does God exist?'. He solemnly replied "I am not somebody who would answer this quesion because I am a scientist and I have no means to prove it".

In 1543, Copernicus published his book 'The Revolution of Heavenly Bodies'challenging the geocentric theory (planets revolve round the earth) by Ptolemy. The ruling priesthood in Europe was against the contents of this book and blocked its circulation. At last, the book reached Copernicus while he was in his death bed. During his entire life Copernicus was involved in the pursuit of the truth behind the celestial drama taking place above us and was continuously tortured mentally by the ruling priests. To his opponents Copernicus spoke like a saint. He said "I know not what to say; but God is good and will in time find an answer to every query".

The fury against Copernicus lasted till 1611( 68 years after his death) when the small telescope of Galileo showed up certain unforeseen beautiful celestial scenes to the public. Thus Galileo put Copernican theory before the world as the truth. Galileo too had tough time as the next target of the ruling Church. The persecution Galileo had to undergo before dying broken hearted still remains one of the darkest chapters in the religious history of mankind. Same was the fate of Charles Darwin ,a highly prayerful person whose life ambition was to become a priest. Before joining the seminary, he got a chance to be a part of the expedition team that sailed to the Canary Islands. The observations he gathered during this trip were a revelation to him and he was scared to publish his findings as it was against the religious teachings of that time. Finally, one night he knelt in front of the altar and prayed to the Lord to give him strength to tell the truth he had understood. Shortly, he published his collection of ideas as a book – The Origin of Species- that turned out to be the new story of mankind. Soon after the publication of this book, Darwin was expelled from the church and the church hired intellectuals to prove Darwin theory wrong. No other scientific theory has withstood as many challenges as this Theory of Evolution by Darwin did. Still, even in this highly automated century, the theory stands strong. If spirituality is all about seeking the truth for the well being of others, the above stories reveal the fact that scientific pursuit is also a truly spiritual process.

More than four centuries of heroic struggle against intolerance and superstitions made science grow stronger and steadier. Spirituality denotes the illuminated state of human existence which one can have only after realizing one's identity with the supreme spirit. The supreme spirit is the absolute truth and what science does is a relentless journey to reach it; with lots of concern to mankind and malice to none. ■



Rithika Rahul
1st standard
rahul.sukumar8@gmail.com





Vyshnavy P Vinod
Class V
vinsys21@gmail.com







പ്രേമചന്ദ്രൻ
വിജയൻനായർ
premachandran68@gmail.com

# അപൂർവ സാധാരണം!!

മറ്റു പലരെയും പോലെ അവളുടെയും ആദ്യത്തെ പ്രണയം ഒരു സിനിമ നടനോടായിരുന്നു. പത്ര താളുകളിൽ വന്ന അയാളുടെ ചിത്രങ്ങൾ വെട്ടിയെടുത്തു പുസ്തകത്തിലും ഇൻസ്ട്രുമെന്റ് ബോക്സിന്റെ ഉള്ളിലും വച്ച് നടന്ന സമയത്താണ് കന്യാസ്ത്രീകൾ ക്ലാസ്സ് എടുക്കാൻ വന്നത്. സമിനാറിന്റെ ഒടുവിൽ താൻ ചെയുന്നത് പാപം ആണെന്ന് തോന്നിയപ്പോൾ അവൾ കുറ്റം ഏറ്റു പറഞ്ഞു കരഞ്ഞു. മഠത്തിൽ ചേർന്നാലോ എന്ന് പോലും ചിന്തിച്ചു. പക്ഷെ അന്ന് വൈകിട്ട് വീണ്ടും കണ്ണാടിയിൽ നോക്കിയിയതോടെ അവൾ ആ ചിന്ത ഉപേക്ഷിച്ചു. എങ്കിലും നായകൻ പോലും അറിയാതെ പോയ ആദ്യ പ്രണയത്തിന്റെ അവസാനവും അന്ന് തന്നെ ആയിരുന്നു.

കോളേജിൽ വച്ച് വിപ്ലവ പ്രസ്ഥാനത്തിന്റെ നേതാവിനെ പരിചയപ്പെട്ടപ്പോൾ, അവൾ സ്വയം പറഞ്ഞു, ജീവിതത്തിൽ ഒരു പുരുഷൻ ഉണ്ടെങ്കിൽ അത് അവൻ മാത്രമായിരിക്കും എന്ന്.
പക്ഷെ പിന്നീട് കവിയെ കണ്ടു മുട്ടിയപ്പോഴാണ് സത്യത്തിൽ പ്രണയത്തിന്റെ കാൽപ്പനിക സൗന്ദര്യം അവൾ തിരിച്ചറിഞ്ഞത്. അനാഥനായ കൂട്ടുകാരനെ അടുത്തറിഞ്ഞപ്പോൾ, തന്റെ ജീവിതം നല്കുവാൻ അവനോളം യോഗ്യൻ ആരും ഇല്ല എന്നും അവൾ തിരിച്ചറിഞ്ഞു.

പിന്നീട് ഗായകനെ കണ്ടു മുട്ടിയപ്പോൾ അവൾ എല്ലാം തുറന്നു പറഞ്ഞു. മുമ്പ് പലരോടും പ്രണയം തോന്നിയിട്ടുണ്ടെങ്കിലും അവളുടെ സ്വപ്നങ്ങളിൽ എന്നും നിറഞ്ഞു നിന്നത് ഒരു പാട്ടുകാരൻ ആയിരുന്നെന്ന്. പഠിപ്പിച്ച ഒരു അദ്ധ്യാപകനോടും ഒരു ചാനൽ അവതാരകനോടും നാല്പ്പത് കടന്ന ഒരു വിഭാര്യനോടും അവൾ ഇത് തന്നെ പറഞ്ഞിട്ടുണ്ടെന്ന് കൂട്ടുകാർ ഉൾപ്പെടെ അപവാദം പറഞ്ഞിട്ടുമുണ്ട്.

ഒരു പക്ഷെ വിപ്ലവ നായകനും കവിയും കൽപ്പനികനും ഗായകനും നാഗരികനും ബിസിനെസ്സ്കാരനും ബുദ്ധിജീവിയും മണ്ടനും എല്ലാം ആയ ഒരുവനെ കണ്ടിരുന്നെങ്കിൽ അവൾഅവനെ മാത്രം ആത്മാർഥമായി പ്രണയിച്ചേനെ... സത്യം. !!

ഒടുവിൽ അച്ഛൻ ഉറപ്പിച്ച കല്യാണം ആയതു കൊണ്ടും വരൻ എഞ്ചിനീയർ ആയതു കൊണ്ടും കൂടുതലൊന്നും ആലോചിച്ചില്ല. അല്ലെങ്കിലും അതല്ലേ അതിന്റെ ഒരു ശരി... ? ആദ്യരാത്രി തന്നെ past is past എന്ന ഒറ്റ വാചകത്തിൽ ഭൂതകാലം എഴുതി തള്ളിയ ഭർത്താവിനോട് അവൾ ആ സത്യം പറഞ്ഞു. അയാളെ പോലെ ഒരുവനെ തന്നെയാണ് അവൾ സ്വപ്നം കണ്ടിരുന്നതെന്ന്.
ആദ്യത്തെ ആ സിനിമാ നടൻ ഒഴിച്ച് മറ്റെല്ലാ നായകൻമാരും പിന്നീട് പലരോടും പറഞ്ഞത്രേ... 'പാവം അവൾ, എന്നെ പോലെ ഒരാൾ ആയിരുന്നു അവളുടെ സങ്കൽപ്പത്തിൽ, പക്ഷേ വിധി....'!!






രമേഷ് പുത്തിലത്ത്
rameshputhalathu@gmail.com




# അയിത്തം

വെളുത്ത
ഹൃദയമുള്ള
കറുത്ത ദേഹങ്ങൾക്കല്ല..
വെളുത്ത തൊലിക്കുള്ളിലെ
കറുത്ത ഹൃദയങ്ങൾക്കാണ്
അയിത്തം
കൽപിക്കേണ്ടത്..

# മോഹം



വെറുതെ
കാറ്റിൽ പറന്നു പോയ
പ്രണയങ്ങളൊക്കെയും
വാരിയെടുത്തൊരു
പഞ്ചാരമലയിന്ന്
തീർക്കേണം....

ആ മലയേറി
മാനം നോക്കിക്കിടക്കേണം..
മേലാകെ
അരിച്ചുകേറുന്ന
ഉറുമ്പിന്റെ കടികൊണ്ട്
നീറി...
നീറി മരിക്കേണം....



Tamanna Shibu
Class 8
simi.shiboo@gmail.com



# THE IMPOSSIBLE

Sometimes I wonder,
If what I could see is just a bit of the world,
Just a bit of the world,
Filled with wonder.

Sometimes I wonder,
What would actually be surrounding me?
If my loved ancestors would be the other guardian angels,
If I could see beyond…

I believe in the impossible,
I believe everything is possible,
